# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/2293/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P4/2293/22 തീയ്യതി: 27/03/2023

## കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 10-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 10-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനിൽ കുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി. ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഉമാദേവി അമ്മ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ജയലക്ഷ്മി എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീ. വിജയൻ എം. | സെക്രട്ടറി | 07-04-2021 | 02-07-2021 |
| ശ്രീമതി സുചിത്രാ ദേവി എം. | സെക്രട്ടറി | 02-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജയലക്ഷ്മി എൽ. | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. സനൽകുമാർ എസ്. കെ. | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുമി മോഹൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. പ്രഭ കെ. നമ്പൂതിരി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ. പ്രമോദ് കുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ. അജയ് വർഗ്ഗീസ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീബാ ഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി ജോൺ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-05-2021 |
| ശ്രീമതി സുശീല കെ. | ഹെഡ്മിസ്ട്രസ്സ് ഇൻ ചാർജ്ജ് | 01-06-2021 | 04-11-2021 |
| ശ്രീമതി ഇ. സജീന | ഹെഡ്മിസ്ട്രസ്സ് | 05-11-2021 | 01-12-2021 |
| ശ്രീമതി ബിന്ദു ജേക്കബ് | ഹെഡ്മിസ്ട്രസ്സ് | 02-12-2021 | 31-03-2022 |
| ശ്രീമതി കൃഷ്ണകുമാരി അമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-05-2021 |
| ശ്രീമതി ദീപാറാണി വി.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2021 | 07-11-2021 |
| ശ്രീമതി വിസ്മി വിശ്വം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08-11-2021 | 31-03-2022 |
| ശ്രീമതി ആര്യ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 01-02-2022 |
| ശ്രീമതി രാജലക്ഷ്മി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 09-02-2022 | 31-03-2022 |
| ശ്രീ. ലിജു തോമസ് | എം.ജി.എൽ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. ബിന്ദു എസ്. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരികെ ഒടുക്കുവരുത്തിയില്ല | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വാടക - കരാർ ചമയ്ക്കുന്നില്ല | 1-11 |
| 14 | വാടക - കുടിശിക നാളിതുവരെയും ഒടുക്കു വരുത്തിയില്ല | 1-12 |
| 15 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല | 1-13 |
| 16 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - പ്രോജക്റ്റ് നിർവഹണത്തിൽ അപാകതകൾ | 1-14 |
| 17 | പ്രിന്റിംഗ് ചെലവുകൾ - വാർഷിക ക്വട്ടേഷൻ നിരക്കിനേക്കാൾ അധികം നൽകിയ തുക നിരാകരിക്കുന്നു. | 1-15 |
| 18 | ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കരാർ നിരക്കിനെക്കാൾ കൂടുതൽ നല്കി. | 1-16 |
| 19 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-17 |
| 20 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - പ്രവൃത്തികൾ നടത്തിപ്പിലും ഫയൽ സൂക്ഷിപ്പിലും അപാകതകൾ | 1-18 |
| 21 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-19 |
| 22 | ബയോബിൻ വിതരണം - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അധികമായി ചെലവ് ചെയ്ത് പദ്ധതി നിർവഹിച്ചു. | 1-20 |
| 23 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-21 |
| 24 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല | 1-22 |
| 25 | കെ.എം.എസ്.സി.എൽ അടവാക്കിയ 1,30,526/- രൂപയുടെ മരുന്നുകൾ / ഉപകരണങ്ങൾ ലഭിച്ചിട്ടില്ല | 1-23 |

| | | |
|---|---|---|
| 26 | 1998-1999 സാമ്പത്തിക വർഷത്തിൽ അങ്കണവാടിയ്ക്കായി വസ്തു വാങ്ങുന്നതിന് തുക നൽകി - തുടർ നടപടികൾ സ്വീകരിച്ചില്ല | 1-24 |
| 27 | എം.പി. ഫണ്ട് വിനിയോഗിച്ച് വാങ്ങിയ ആംബുലൻസ് - പരിപാലനം - വരവ്/ചെലവ് രേഖകളുടെ പരിശോധന - അപാകതകൾ | 1-25 |
| 28 | നിശ്ചിത തീയതിയ്ക്കകം പ്രവൃത്തി പൂർത്തിയാക്കിയില്ല - പിഴ ഈടാക്കിയതിൽ കുറവ് | 1-26 |
| 29 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-27 |
| 30 | ഒരേ ദിവസം അവിദഗ്ധ - വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പ്രിന്റിംഗ് ചെലവുകൾ - വാർഷിക കവട്ടേഷൻ നിരക്കിനേക്കാൾ അധികം തുക നൽകിയ തുക നിരാകരിക്കുന്നു. | 3-1 |
| 2 | ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കരാർ നിരക്കിനെ അധികരിച്ച് നല്കി. | 3-2 |
| 3 | ബയോബിൻ വിതരണം - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അധികമായി ചെലവ് ചെയ്ത് പദ്ധതി നിർവഹിച്ചു. | 3-3 |
| 4 | ഒരേ ദിവസം അവിദഗ്ധ - വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

26.02.2021 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 24.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.22 | 30.04.2022 | ബാധകമല്ല | - |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

1. വികസനഫണ്ട് എസ്.സി.പി എ.സി.ആറിലെ ചെലവ് തുക 94,04,587/- രൂപയാണ്. വാർഷിക ധനകാര്യപത്രികയിലെ RP-7 പ്രകാരമുള്ള ചെലവ് തുക 91,72,027/- രൂപയാണ്
2. മെയിന്റനൻസ് ഫണ്ട് റോഡ് എ.സി.ആർ പ്രകാരമുള്ള ചെലവ് തുക 11,49,122/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക, സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക 6,91,216/- രൂപയാണ്.
3. വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം-30 ന്റെ ഗുണഭോക്തൃവിഹിതമിനത്തിലുള്ള 30,000/- രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
4. പ്രോജക്ട് നം- 146-വൈദ്യുതിപോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 86-സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ, 139-അംഗണവാടി വൈദ്യുതീകരണം എന്നിവ പ്രകാരം ഡെപ്പോസിറ്റ് വർക്കിനത്തിൽ ചെലവഴിച്ച 8,23,535/- രൂപയുടെ വിശദാംശങ്ങൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.
5. വസ്തു നികുതി കണക്കുകൾ സഞ്ചയ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.
6. സി.എഫ്.സി അൺറ്റൈഡ് ബാങ്ക് യഥാർത്ഥ നീക്കിയിരുപ്പ് തുക 9,75,153/- രൂപയാണ്. എന്നാൽ ബി4 ഷെഡ്യൂൾ പ്രകാരം അൺറ്റൈഡ് നീക്കിയിരുപ്പ് 9,75,064/- രൂപയാണ്. 89/- രൂപയുടെ വ്യത്യാസം നീക്കിയിരുപ്പിൽ നിലനിൽക്കുന്നു.
7. ആസ്തികൾ മൂല്യാടിസ്ഥാനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. ക്ലോസിംഗ് സ്റ്റോക്ക് മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,33,61,002.44 |
| വരവ് | 6,14,39,333 |
| ആകെ | 7,48,00,335.44 |
| ചെലവ് | 6,58,10,368 |
| നീക്കിയിരിപ്പ് | 89,89,967.44 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 1,18,238 |
| തടസ്സപ്പെടുത്തിയ തുക | 22,74,241 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12832700 | 12832700 | 12003889 | 828811 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11287300 | 11287300 | 10225921 | 1061379 |
| സി.എഫ്.സി ഗ്രാന്റ് – ടൈഡ് – ട്രഷറി | 0 | 3110874 | 3110874 | 1853540 | 1257334 |
| സി.എഫ്.സി ഗ്രാന്റ് – അൺടൈഡ് – ട്രഷറി | 0 | 1342422 | 1342422 | 819701 | 522721 |
| സി.എഫ്.സി ഗ്രാന്റ് – ടൈഡ് – ബാങ്ക് | 0 | 3443000 | 3443000 | 293930 | 3149070 |
| സി.എഫ്.സി ഗ്രാന്റ് – അൺടൈഡ് – ബാങ്ക് | 0 | 2344147 | 2344147 | 1368994 | 975153 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 0 | 9003600 | 9003600 | 1149122 | 7854478 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5551199 | 5551199 | 4069264 | 1481935 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എം.ജി.എൻ.ആർ.ജി.എസ് | 687078 | 978854 | 1665932 | 1665010 | 922 |
| ഐ.സി.ഡി.എസ് (നെയിം ബോർഡ്) | 42000 | 0 | 42000 | 42000 | 0 |
| ഐ.സി.ഡി.എസ് | 661533 | 801844 | 1463377 | 500000 | 963377 |
| ശുചിത്വമിഷൻ | 2094665 | 150000 | 2244665 | 1019857 | 1224808 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 1690000 | 36000 | 1726000 | 1047277 | 678723 |
| ബേബി ഫ്രണ്ട് ലി ടോയ്ലറ്റ് | 60000 | 0 | 60000 | - | 60000 |
| റ്റി.എസ്.സി | 34401 | - | - | - | 34401 |
| ഖരമാലിന്യ സംസ്കരണം | 10150 | - | - | - | 10150 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| കിലട്രെയിനിംഗ് | | 13149 | 13149 | | |
| ദുരന്തനിവാരണ ഫണ്ട് | 2180427 | 74063 | 2254490 | 2254490 | 0 |
| ജലനിധി | 10000 | - | - | - | 10000 |
| സമ്പൂർണ്ണ സുചിത്വം | 168000 | - | - | 84000 | 84000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 11,07,12,558/- | 92 | 4,57,84,069/- | 0 | 58 | 41.35 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,87,078 | 9,78,854 | 16,65,932 | 16,65,010 | 922 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 4,76,06,847 | 4,76,06,847 | 4,76,06,847 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 96,960/- | 99 |
| കർഷകതൊഴിലാളി പെൻഷൻ | 16,48,400/- | 1169 |
| വിധവാപെൻഷൻ | 1,36,13,400/- | - |
| വാർദ്ധക്യകാലപെൻഷൻ | 2,15,24,500/- | - |
| വികലാംഗപെൻഷൻ | 51,39,100/- | 3318 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 5,00,400/- | 351 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 30,000/- | 1 |

## 1-7-1 അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരികെ ഒടുക്കുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ തുക ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ,

8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം വ്യക്തികൾ തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം അനർഹമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ തരം | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ കാലയളവ് | തിരികെ അടവാക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | ജാനമ്മ, കുറ്റിവിള വീട്, കൊടുവിള പി.ഒ., കിഴക്കേകല്ലട | വാർദ്ധക്യകാല പെൻഷൻ | 103450201564 | 2017 സെപ്തംബർ മുതൽ 2019 ഏപ്രിൽ വരെ | 12000 |
| 2 | പത്മാവതി, തോട്ടുമുകത്ത് വീട്, കൊടുവിള പി.ഒ., കിഴക്കേകല്ലട | വാർദ്ധക്യകാല പെൻഷൻ | 103450200374 | 2015 ഏപ്രിൽ മുതൽ 2020 ഏപ്രിൽ വരെ | 69200 |
| 3 | രാജമ്മ, മണകുഴിയിൽ വീട്, കൊടുവിള പി.ഒ., കിഴക്കേകല്ലട | വാർദ്ധക്യകാല പെൻഷൻ | 103450201301 | 2018 ഏപ്രിൽ മുതൽ 2020 ഏപ്രിൽ വരെ | 15000 |
| ആകെ | | | | | 96200 |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ വ്യക്തികൾക്ക് തുക ഒടുക്കു വരുത്തുവാൻ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, തുക ഗഡുക്കളായി ഒടുക്കു വരുത്തുവാൻ സമ്മതപത്രം നൽകിയിട്ടുണ്ടന്നും ടി വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്നും നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. തുടർ നടപടികൾ സ്വീകരിച്ച് തുക ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 3/15.11.2022

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.22 സമയം 3.15pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,328/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിലെ താഴെ രേഖപ്പെടുത്തിയ പരാമർശങ്ങളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1. അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരികെ ഒടുക്കുവരുത്തിയില്ല -ഖണ്ഡിക 1-7-1 കാണുക.
2. പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം നടത്തിയതിലെ അപാകതകൾ- ഖണ്ഡിക 1-14 കാണുക.
3. നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ക്ലീനിംഗ് സ്റ്റാഫിനെ നിയമിച്ച് വേതനം നൽകി- ഖണ്ഡിക 1-18 കാണുക.

4. ബയോബിൻ വിതരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ-ഖണ്ഡിക 1-24 കാണുക.
5. 1998 -1999 സാമ്പത്തിക വർഷത്തിൽ അങ്കണവാടിയ്ക്കായി വസ്തു വാങ്ങുന്നതിന് തുക നൽകി- തുടർ നടപടികൾ സ്വീകരിച്ചില്ല-ഖണ്ഡിക 1-29 കാണുക.
6. എം.പി. ഫണ്ട് വിനിയോഗിച്ച് വാങ്ങിയ ആംബുലൻസ് -പരിപാലനം- വരവ്/ചെലവ് രേഖകളുടെ പരിശോധന-അപാകതകൾ-ഖണ്ഡിക 1-30 കാണുക.
7. ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു -ഖണ്ഡിക 3-6 കാണുക

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന് രേഖയില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.08.2022 | 4/22 മുതൽ 6/22 വരെ | 12.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.03.2020-19.03.2020 | 2014-15 മുതൽ 2018-19വരെ | 18.05.2020 |

## 1-11 വാടക - കരാർ ചമയ്ക്കുന്നില്ല

വാടക സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6 കടമുറികൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ടെങ്കിലും വാടകക്കാരുമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, 6 കടമുറികളിൽ 3 കടമുറികൾ വാടകയ്ക്ക് എടുത്തതിന്റെ കരാറുകൾ ലഭ്യമാക്കി. എന്നാൽ കരാറുകളിൽ വാടകയ്ക്ക് നൽകിയത് സംബന്ധിച്ച വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതുപ്രകാരം വിശദമായും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/16.11.2022

## 1-12 വാടക - കുടിശിക നാളിതുവരെയും ഒടുക്കു വരുത്തിയില്ല

2019-20 സാമ്പത്തികവർഷം വാടക കുടിശിക വരുത്തിയ ശ്രീ. ഷംസുദ്ദീൻകുഞ്ഞ്, വേങ്ങയിൽ വീട് (കടമുറി നം. 3), ശ്രീ. സജികുമാർ, കുര്യാടി തുണ്ടിൽ, താഴം (കടമുറി മുറി നം. 4) എന്നിവർ യഥാക്രമം 11,988/- രൂപയും 9,120/- രൂപയും നാളിതുവരെയും ഒടുക്കുവരുത്തിയിട്ടില്ല. കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് രണ്ടു വ്യക്തികളിൽ നിന്നും കുടിശിക ഈടാക്കുന്നതിന് ആർ. ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. തുക ഒടുക്കു വരുത്തി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 18/16.11.2022

## 1-13 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 18 റേഷൻകടകളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 16/16.11.2022

## 1-14 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - പ്രോജക്റ്റ് നിർവഹണത്തിൽ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്റ്റ് നം., പേര് | S0150/22, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| അടങ്കൽ | 5,00,000/- രൂപ, വികസനഫണ്ട്, എസ്.സി.പി. |
| ചെലവഴിച്ച തുക | 4,92,450/- രൂപ, ബിൽനം. 2/27.03.22 |

ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമാക്കിയവരും വിവിധ സ്കൂളുകളിൽ 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രോജക്റ്റ് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തത്. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 14.02.2018 ലെ സ.ഉ.(കൈ)നം.22/2018 ഉത്തരവ് ഖണ്ഡിക 7.2.7 പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചവർക്ക് അർഹതയില്ല. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ രേഖകളിൽ ആനുകൂല്യം നൽകിയ വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അർഹതയുള്ള വിദ്യാർത്ഥികൾക്കാണ് മേൽ പദ്ധതി പ്രകാരം പഠന ഉപകരണങ്ങൾ ലഭിച്ചതെന്ന് ഉറപ്പാക്കാനാവില്ല.

2. ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ പ്രഥമാധ്യാപകർ നൽകിയ ലിസ്റ്റ് പ്രകാരം 105 മേശയും കസേരയുമാണ് വിതരണത്തിനായി വാങ്ങിയത്. എന്നാൽ വിതരണ രേഖകൾ പ്രകാരം 101 മേശയും കസേരയുമാണ് വിതരണം ചെയ്തത്. 4 മേശയും കസേരയും വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കാൻ സെക്രട്ടറി മുഖേന അപേക്ഷിച്ചിട്ടുണ്ടെന്നും, വിതരണം ചെയ്യാൻ അവശേഷിക്കുന്ന പഠനോപകരണങ്ങൾ വിതരണം ചെയ്യാൻ അർഹരായവരെ പ്രഥമാധ്യാപകർ മുഖേന ബന്ധപ്പെട്ടിട്ടും കൈപ്പറ്റാത്തതിനാൽ തുടർനടപടികൾക്കായി സെക്രട്ടറിയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകി. ചെലവ് തുക 4,92,450/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം, പഠനോപകരണങ്ങളുടെ വിതരണ വിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 4/15.11.2022

തടസ്സപ്പെടുത്തുന്ന തുക - 4,92,450/- രൂപ

## 1-15 പ്രിന്റിംഗ് ചെലവുകൾ - വാർഷിക ക്വട്ടേഷൻ നിരക്കിനേക്കാൾ അധികം നൽകിയ തുക നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ പ്രിന്റിംഗ് ജോലികൾ കേരള ഓഫ്സെറ്റ് നൽകിയ കൊട്ടേഷൻ അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. (16.6.21 തീയതിയിലെ 12(1) നമ്പർ ഭരണസമിതി തീരുമാനം) ഈ സ്ഥാപനം നൽകിയ ക്വട്ടേഷൻ നിരക്കിൽ അധികമായി പ്രിന്റിംഗ് പ്രവൃത്തികൾക്ക് തുക നൽകിയതായി കാണുന്നു.

| ഇനം | ക്വട്ടേഷൻ പ്രകാരം നൽകേണ്ട തുക (രൂപ) | നൽകിയ തുക | അധികരിച്ച് നൽകിയ തുക | ചെക്ക് നം. |
|---|---|---|---|---|
| വ്യാപാര സ്ഥാപനങ്ങൾക്കും മറ്റുമുള്ള അപേക്ഷ ഫാറം - ആകെ 4000 പേജ് – A4 Size (പാഡാക്കിയത്) (പേജിന് 90 പൈസ നിരക്കിൽ) | 3600/- | 5400/- | 1800/- | 926302/ 25.2.22 |
| കരട് പദ്ധതി രേഖ - 2022-23, വികസന സെമിനാർ 50 ബുക്ക് A4 Size 13 Page (സാധാ പ്രിന്റിംഗ്- 12 പേജ്, പേജിന് .85 പൈസ നിരക്കിൽ, കളർ പ്രിന്റിംഗ് - 1 പേജ്, പേജിന് 9 രൂപ നിരക്കിൽ ) | 960/- | 2500/- | 1540/- | 926320/ 15.3.22 |
| 6000 – ഗ്രാമസഭ നോട്ടീസ് (1/8size) (40 പൈസ നിരക്കിൽ 1 പേജ്) | 2400/- | 6000/- | 3600/- | 926320/ 15.3.22 |
| | | ആകെ- | 6940/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധിക തുക അനുവദിച്ചത് ക്ലറിക്കൽ പിശക് മൂലമാണെന്നും, അധികരിച്ച തുക പ്രിന്റിംഗ് പ്രസ്സ് ഉടമയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്താമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. മതിയായ പരിശോധന കൂടാതെ ക്വട്ടേഷൻ നിരക്കിനേക്കാൾ അധികമായി നൽകിയ 6,940/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം – 8/16.11.22

നിരാകരണം - 6,940/- രൂപ

1-16 ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കരാർ നിരക്കിനെക്കാൾ കൂടുതൽ നല്കി.

പ്രോജക്ട് നം - SO052/22

അടങ്കൽ തുക - 1,00,000/- രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ് തുക – 38,948/- രൂപ

നിർവ്വഹണം – അസി. സെക്രട്ടറി

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, കിഴക്ക കല്ലട താഴം വാർഡിൽ സുകുമാരി മന്ദിരത്തിൽ ശ്രീ. സുഗുണനും, ശ്രീ. സുനിൽകുമാറും ചേർന്ന് എഴുതി തയ്യാറാക്കിയ 23687/25.2.21-നമ്പർ വാടക കരാർ പ്രകാരം കുടുംബശ്രീ മുഖേന നടത്തുന്ന ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന EKP/1/497-നമ്പർ കെട്ടിടത്തിന്റെ വാടക 2.4.21 തീയതി മുതൽ 11 മാസത്തേക്ക് പ്രതിമാസം 2,513/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കരാർ 23.4.21 തീയതിയിലെ 1(2) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ടി കരാറിന് വിരുദ്ധമായി 9/21 കാലയളവ് മുതൽ 3,769/- രൂപ നിരക്കിലാണ് വാടക നൽകിയിരിക്കുന്നത്. വാടക അധികം നൽകിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കാലയളവ് | നൽകിയ തുക (രൂപ) | കരാർ പ്രകാരം നൽകേണ്ട തുക (രൂപ) | അധികം നൽകിയ തുക (രൂപ) | ബിൽ നം. |
|---|---|---|---|---|
| 9/21 | 3,769/- | 2,513/- | 1,256/- | 4/10.11.21 |
| 10/21 | 3,769/- | 2,513/- | 1,256/- | 6/10.11.21 |
| 11,12/21 | 7,538/- | 5,026/- | 2,512/- | 10/7.1.22 |
| 1,2/22 | 7,538/- | 5,026/- | 2,512/- | 14/5.3.22 |
| 3/22 | 3,769/- | 2,513/- | 1,256/- | 16/30.3.22 |
| | | ആകെ- | 8,792/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിൽ 13.8.21- ലെ 1567/21/

ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജനകീയ ഹോട്ടലുകൾക്ക് പി.ഡബ്ല്യൂ.ഡി നിരക്കിനേക്കാൾ 50% അധികം വരെ വാടക അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെ 17.9.21 തീയതിയിലെ 9(1) നമ്പർ തീരുമാനപ്രകാരമാണ് പുതുക്കിയ നിരക്കിൽ വാടക നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കെട്ടിടയുടമയും ഗ്രാമപഞ്ചായത്തും തമ്മിലുള്ള വാടക കരാറിന്റെ അടിസ്ഥനത്തിൽ ടി മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ വാടകയിനത്തിൽ അധികം നൽകിയ 8,792/-രൂപ ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം - 19/ 17.11.22

നിരാകരണം - 8,792/- രൂപ

## 1-17 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | തുക (രൂപ) | ഫണ്ട് ഇനം | ബിൽ നം. / ചെക്ക് നം തീയതി |
|---|---|---|---|
| 2/22-ഐ.കെ.എം.വിഹിതം നൽകൽ | 70,573/- | വികസനഫണ്ട്-ജനറൽ | 10/6.10.21 |
| 146/22-പോസ്റ്റ് ഷിഫ്റ്റിംഗ് | 2,27,777/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | XVFC/21-22/P/6, 13.1.22, XVFC/21-22 /P/11, 15.3.22, XVFC/21-22/P/12, 8.3.22, XVFC/21-22 /P/13, 16.3.22 |
| 86/22-ഇലക്ട്രിക്ക് ലൈൻ വലിക്കൽ | 4,69,758/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | XVFC/21-22/P/15 20.3.22, |
| ആകെ | 7,68,108/- | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 7,68,108/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം – 27 19.11.22

തടസ്സം – 7,68,108/- രൂപ

## 1-18 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - പ്രവത്തികൾ നടത്തിപ്പിലും ഫയൽ സൂക്ഷിപ്പിലും അപാകതകൾ

| ഫണ്ട് | തുക (രൂപ) | ചെക്ക് നം. തിയതി |
|---|---|---|
| ശുചിത്വമിഷൻ ഫണ്ട് | 1,50,000/- | 4749941/284.21 |
| തനത് ഫണ്ട് | 75,000/- | 4749941/284.21 |

2021-22 വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 15,000/- രൂപ നിരക്കിൽ ആകെ 2,25,000/- രൂപ മെഡിക്കൽ ഓഫീസറുടെ ശിപാർശ പ്രകാരം വാർഡുതലസമിതിക്ക് നൽകിയിട്ടുണ്ട്. പ്രവർത്തന രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്ലോറിനേഷൻ, ഉറവിട നശീകരണം എന്നീ പ്രവൃത്തികൾ ചെയ്തതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) മസ്റ്റർറോൾ പ്രകാരം 2, 7, 9 എന്നീ വാർഡുകളിലെ ഓടവൃത്തിയാക്കൽ പ്രവൃത്തികൾ ചെയ്തത് 2021 ജൂൺ 27, 28 തീയതികളിലാണ്. 18.6.21 തീയതിയിൽ പ്രവൃത്തിയുടെ വേതനം മുൻകൂറായി നൽകിയിരിക്കുന്നു.

3) വാർഡുതലസമിതിക്ക് ഫണ്ടുകൾ ലഭിച്ചത് 1.6.21നും ആയത് ബാങ്കിൽ നിന്ന് പിൻവലിച്ചത് 18.6.21നുമാണ്. 6, 8 വാർഡുകളിൽ ക്ലോറിനേഷൻ, ഉറവിടനശീകരണം എന്നീ പ്രവൃത്തികൾ 2020-21 സാമ്പത്തിക വർഷത്തിൽ ചെയ്തതിന്റെ കൈപ്പറ്റ് രേഖകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

4) മിക്ക വാർഡുകളിൽനിന്നും ലഭ്യമായ ഓടവൃത്തിയാക്കൽ പ്രവൃത്തിയുടെ മസ്റ്റർറോളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ നിലനിൽക്കുന്നതിനാലും, രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി

നൽകിയ 2,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണവും, പരാമർശിക്കപ്പെട്ട രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം – 29/19.11.22

തടസ്സം – 2,25,000/- രൂപ

1-19 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് നം., പേര് | അടങ്കൽ, ഫണ്ടിനം, തുക | ചെലവ് തുക |
|---|---|---|---|
| മെഡിക്കൽ ഓഫീസർ – ആയുർവേദം | SO032/22, ഹോമിയോ ആശുപത്രിയ്ക്ക മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 3,00,000/- രൂപ | 3,00,000/-, ബിൽ നം. 3/18.11.21 |

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണോദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങുന്നതിനായി ഹോംകോയ്ക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | പ്രോഫോർമ ഇൻവോയിസ് നം., തീയതി | മുൻകൂർ നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം (രൂപ) | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം (രൂപ) |
|---|---|---|---|---|
| SO032/22, ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | PF 947/12.11.21 | 3,00,000/- | 1,76,563/- | 1,23,437/- |

1,23,437/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാകുന്നതു വരെ 1,23,437/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 21/17.11.2022

തടസ്സപ്പെടുത്തുന്ന തുക - 1,23,437/- രൂപ

1-20 ബയോബിൻ വിതരണം - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അധികമായി ചെലവ് ചെയ്ത് പദ്ധതി നിർവഹിച്ചു.

| | |
|---|---|
| പ്രോജക്ട് നം | 100/22 |
| പ്രോജക്ടിന്റെ പേര് | മാലിന്യരഹിതപഞ്ചായത്ത് |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12,15,000/- രൂപ |
| ഗുണഭോക്തൃ വിഹിതം | 1,35,000/- രൂപ |
| അടങ്കൽ | 13,50,000/- രൂപ |

ചെലവ്

| ബിൽ നം / ചെക്ക് നം | തുക (രൂപ) | ഫണ്ടിനം |
|---|---|---|
| 14/21-22 / 30.10.21 | 1,09,800/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 43/21-22 / 25/1/22 | 3,84,300/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 68/21-22 / 27/3/22 | 4,41,000/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 926264 / 24/1/22 | 54,900/- | ഗുണഭോക്തൃ വിഹിതം |

വി.ഇ.ഒ നിർവഹണം നടത്തിയ മാലിന്യരഹിത പഞ്ചായത്ത് പദ്ധതിയ്ക്കായി 750 ബയോബിന്നുകൾ 1,800/- രൂപ നിരക്കിൽ സോഷ്യോ എക്കണോമിക് ഫൗണ്ടേഷനിൽ നിന്ന് വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 12,15,000/- രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 1,35,000/- രൂപയുമുൾപ്പെടെ ആകെ 13,50,000/- രൂപ വകയിരുത്തിയിരുന്നു. സോഷ്യോ എക്കണോമിക് ഫൗണ്ടേഷനുമായി 2/2/21-ൽ കരാർ വച്ചശേഷം 5/10/21-ൽ 305 ബിന്നുകളുടെ വിലയുടെ 20% തുകയായ 1,09,800/- രൂപ മുൻകൂറായി നൽകുകയും ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ (3,84,300 + 54,900) 4,39,200/- രൂപ നൽകി ബന്നുകൾ ലഭ്യമാക്കി വിതരണം ചെയ്തു. തുടർന്ന് 245 ബിന്നുകളുടെ വിലയായ 4,41,000/- രൂപ 25/3/22-ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് പൂർണ്ണമായും ഒടുക്കി ലഭ്യമാക്കി. 245 ബിന്നുകൾക്ക് ഗുണഭോക്തൃ വിഹിതമായി 180 X 245 = 44,100/- രൂപ പിരിച്ചെടുക്കാതെ പൂർണ്ണമായും ധനകാര്യ കമ്മീഷൻ

ഗ്രാന്റുപയോഗിച്ചാണ് വാങ്ങിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് പദ്ധതി നിർദ്ദേശം പാലിക്കാതെ അധികമായി 44,100/- രൂപ ചെലവഴിച്ചതിനാൽ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യിൽ നിന്ന് ഈടാക്കേണ്ടതാണ്. 245 ബിന്നുകളിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള 6 എണ്ണത്തിന്റെ ഗുണഭോക്തൃ വിഹിതമായ 1080/- രൂപ (180 X 6) കുറവ് ചെയ്ത്, 9,720/- രൂപ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാത്തതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് അധികമായി ചെലവ് ചെയ്ത 44,100/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 20 / 17/11/22

തടസ്സപ്പെടുത്തുന്ന തുക - 9,720/- രൂപ

നിരാകരിച്ച തുക – 44,100/- രൂപ

## 1-21 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം - 175 | കന്നുകുട്ടിപരിപാലനം – വനിത |
| വികസനഫണ്ട് അടങ്കൽ | 3,37,500/- |
| ഗുണഭോക്തൃ വിഹിതം | 3,37,500/- |
| ആകെ അടങ്കൽ | 6,75,000/- |
| ചെലവ് | 3,37,500/- |
| പ്രോജക്ട് നം - 25 | കന്നുകുട്ടിപരിപാലനം – വനിത |
| വികസനഫണ്ട് അടങ്കൽ | 1,87,500/- |
| ചെലവ് | 1,87,500/- |
| സ്റ്റേറ്റ്ഷെയർ അടങ്കൽ | 1,87,500/- |
| ചെലവ് | 0 |
| ഗുണഭോക്തൃ വിഹിതം | 3,75,000/- |
| ചെലവ് | 0 |
| ആകെ അടങ്കൽ | 7,50,000/- |
| ചെലവ് | 1,87,500/- |

ബിൽ നം - 13/21-22, തുക - 3,37,500/-, തീയതി - 5/3/22

ബിൽ നം - 6/21-22, തുക – 1,25,000/-, തീയതി - 10/2/22

ബിൽ നം - 7/21-22, തുക - 62,500/-, തീയതി - 7/2/22

2021-22 വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പദ്ധതിയാണ് കന്നുകുട്ടി പരിപാലനം (വനിത). പ്രസ്തുത പദ്ധതികളിൽ 27 ഗുണഭോക്താക്കൾക്ക് 12,500/- രൂപ വീതം 3,37,500/- രൂപ 28/2/22-ലും 30 ഗുണഭോക്താക്കൾക്ക് 6,250/- രൂപ വീതം 1,87,500/- രൂപ 27/1/22, 6/1/22 എന്നീ തീയതികളിലും അസി. ഡയറക്ടർ കാഫ്ഫീഡ് സബ്സിഡി (അക്കൗണ്ട് നം-7030114000000) ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.എന്നാൽതുകയുടെവിനിയോഗവിവരം ലഭ്യമല്ല. പ്രസ്തുത വിവരം ആരാഞ്ഞുനൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. വിനിയോഗരേഖകൾ ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 5,25,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 5,25,000/- രൂപ

ഓഡിറ്റ് എൻക്വയറി നം - 22 / 17/11/22

## 1-22 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

1998-99 സാമ്പത്തിക വർഷത്തിൽ അങ്കണവാടിയ്ക്കായി (രണ്ട് റോഡ്) വിലകൊടുത്തു വാങ്ങിയ വസ്തു ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. വസ്തുവിന്റെ കൈമാറ്റം രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകൾ മുഖേന നാളിതുവരെ നടത്തിയിട്ടില്ല. നടപടികൾ പൂർത്തീകരിച്ച ശേഷം വസ്തുവിന്റെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കേണ്ടതും, സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി.)1699/17/തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ.എസ് ജി.ഡി വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ കോടതി വ്യവഹാരങ്ങളിൽപ്പെടുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-23 കെ.എം.എസ്.സി.എൽ അടവാക്കിയ 1,30,526/- രൂപയുടെ മരുന്നുകൾ / ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണം നടത്തിയ പ്രോജക്ടിൽ മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ 9,27,735/- രൂപ ഒടുക്കിയിട്ടുണ്ട്. ഇതിൽ 7,97,209/- രൂപയുടെ മരുന്നുകൾ / ഉപകരണങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| പ്രോജക്ട് നം./ഫണ്ടിനം. | കെ.എം.എസ്.സി.എൽ-ന് നൽകിയ തുക (രൂപ) | ബിൽ നം/തീയതി | കെ.എം.എസ്.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 12/22-പാലിയേറ്റീവ് കെയർ – പൊതുവിഭാഗം ഫണ്ട് | 3,02,850/-<br>24,885/- | ബിൽ നം. 5/7.12.2021<br>ബിൽ നം. 10/24.03.2022 | PRF 3287/9.11.2021<br>PRF 7173/21.03.2022 | 2,21,394/-<br>20,184/- | 81,456/-<br>4,701/- |
| 14/22-അലോപതി മരുന്ന് വാങ്ങൽ-മെയിൻറ്റനൻസ് ഫണ്ട്-(റോഡിതരം) | 6,00,000/- | ബിൽ നം. 4/07.12.2021 | PRF 3520/24.11.2021 | 5,55,631 | 44,369/- |
| ആകെ തുക | 9,27,735/- | - | - | 7,97,209/- | 1,30,526/- |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ/ഉപകരണങ്ങളുടെ വിലയായ 1,30,526/- രൂപ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 1,30,526/- രൂപ

## 1-24 1998-1999 സാമ്പത്തിക വർഷത്തിൽ അങ്കണവാടിയ്ക്കായി വസ്തു വാങ്ങുന്നതിന് തുക നൽകി - തുടർ നടപടികൾ സ്വീകരിച്ചില്ല

ഓണമ്പലം വാർഡിൽ 62-ാം നമ്പർ-(രണ്ട് റോഡ്) അങ്കണവാടിയ്ക്ക് വസ്തു (ബ്ലോക്ക് നം 7/9269 -1.20 ആർ )വാങ്ങുന്നതിന് 1998-1999 സാമ്പത്തിക വർഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം 11,000/- രൂപ (വൗച്ചർ നം.34/ ചെക്ക് നം.93623 -17.11.1998 ) ശ്രീമതി സിന്ധു താര, (കൊല്ലം താലൂക്കിൽ ഇരവിപുരം വില്ലേജിൽ കാക്കത്തോപ്പ് മുറിയിൽ പുത്തഴികത്ത്

വീട്ടിൽ ക്ലാററ്റിന്റെ മകൾ) എന്ന വ്യക്തിയ്ക്ക് നൽകിയതായി രേഖകളിൽ നിന്നും ബോധ്യപ്പെട്ടു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഈ ഭൂമി ഉൾപ്പെടുത്തുകയോ നാളിതുവരെ രജിസ്ട്രേഷൻ നടത്തി, ഭൂമി റവന്യൂ രേഖകളിൽ ചേർത്തു പോക്കുവരവ് ചെയ്യുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയ റിപ്പോർട്ടിൽ 14.03.2022 –ൽ ടി വസ്തു സന്ദർശിച്ചതിൽ വസ്തുവിൽ പ്രവേശിക്കുന്നതിന് കഴിയാത്ത സാഹചര്യമാണെന്നും മറ്റൊരാളുടെ വസ്തുവിൽ കൂടി പ്രവേശിച്ചതിൽ വസ്തുവിന്റെ അതിരുകൾ കൃത്യമായി തിരിച്ചിട്ടില്ലായെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽ, വസ്തുവിനെ സംബന്ധിച്ച രേഖകൾ ഒന്നും ലഭ്യമല്ലെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതിന് കിഴക്കേ കല്ലട വില്ലേജ് ആഫീസർക്ക് 18.11.2022–ന് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്.

അങ്കണവാടിയ്ക്കായി 24 വർഷം മുമ്പ് സ്വകാര്യ ഭൂമിയുടെ ഉടമയ്ക്ക് തുക നൽകിയിട്ട് നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടേയും പല കാലയളവുകളിൽ നിലവിലുണ്ടായിരുന്ന ഭരണ സമിതികളുടേയും ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്. കെട്ടിട നിർമ്മാണം നടത്താതിരുന്നതിനാൽ അങ്കണവാടി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നതും ഗൗരവത്തോടെ നിരീക്ഷിക്കുന്നു.

ഈ വിഷയത്തിൽ നിയമപരമായ തുടർ നടപടികൾ സ്വീകരിച്ച് വസ്തു ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടി ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

തുടർ നിർദ്ദേശങ്ങൾ നൽകുന്നതിന് വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം – 1/14.11.2022

## 1–25 എം.പി. ഫണ്ട് വിനിയോഗിച്ച് വാങ്ങിയ ആംബുലൻസ് - പരിപാലനം - വരവ്/ചെലവ് രേഖകളുടെ പരിശോധന - അപാകതകൾ

എം.പി.യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങിയ ആംബുലൻസ്, കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ സി6/8428(6)2021/ജി.മെ.ആ(ആ), കൊല്ലം / 03/1/2022 നമ്പർ ഉത്തരവ് പ്രകാരം കിഴക്കേകല്ലട പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശം 3–ൽ ഡ്രൈവറുടെ സേവന വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തിയ സത്യവാങ്മൂലം 200/- രൂപ മുദ്രപത്രത്തിൽ എഴുതി വാങ്ങണമെന്നും നിർദ്ദേശം 9–ൽ സ്ഥാപന തലവനും എച്ച്.എം.സി. ചെയർമാൻ / ഗ്രാമപഞ്ചായത്ത് പ്രസിഡന്റും 200/- രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കണമെന്നുമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

### 1. ലോഗ് ബുക്കിലെ അപാകതകൾ

ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ ആരംഭിക്കുന്നത് 30/12/2021- നാണ്. വാഹനത്തിന്റെ ഷോറൂമിൽ നിന്നും കൈപ്പറ്റിയ വാഹനത്തിന്റെ ആരംഭ മീറ്റർ റീഡിംഗ് 2075 കിലോമീറ്റർ ആണെന്ന് ഫോർമാൻ മെക്കാനിക്ക്, ഡി.എം.ഒ. കൊല്ലം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനം ഇപ്രകാരം ഓടിയതിന് വിശദീകരണം/ രേഖപ്പെടുത്തൽ ഇല്ല.

ലോഗ് ബുക്കിൽ 08/10/2022 വരെ മാത്രമേ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളൂ. യാത്ര ചെയ്യുന്നവരുടെ വിവരം രേഖപ്പെടുത്തുന്ന കോളത്തിൽ ഡ്രൈവറുടെ പേരാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിറയ്ക്കുന്ന ഇന്ധനത്തിന്റെ വിവരം, സർവ്വീസിന്റെ വിവരം, മാസാന്ത്യ സംക്ഷിപ്തം എന്നിവ രേഖപ്പെടുത്തുന്നില്ല. കൺട്രോളിംഗ് ആഫീസർ ലോഗ് ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

### 2. ക്യാഷ് ബുക്ക്, രസീത് ബുക്ക്, ബാങ്ക് അക്കൗണ്ടിൽ വരവ് തുകകൾ അടച്ചതിന്റെ പരിശോധന

ക്യാഷ് ബുക്ക് 16.01.2022 -നാണ് എഴുതി തുടങ്ങിയത്.10.10.2022 വരെ മാത്രമാണ് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്.

രസീത് ബുക്ക് 1 -ൽ 1 മുതൽ 100 വരെയും രസീത് ബുക്ക് 2-ൽ 501 മുതൽ 548 (29.10.2022 ) വരെയും രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ള ആകെ വരവ് തുകയിൽ 25,898/-രൂപ ബാങ്കിൽ ഒടുക്കിയിട്ടില്ല. തുക അടിയന്തിരമായി അടവാക്കേണ്ടതാണ്.

രസീത് പ്രകാരം തുക അടവാക്കിയിട്ടില്ല

ലോഗ് ബുക്ക് പ്രകാരം യാത്ര നടത്തുകയും ആയതിന് രസീതുകൾ നൽകുകയും ചെയ്തുവെങ്കിലും രസീതിൽ രേഖപ്പെടുത്തിയ തുകകൾ നാളിതുവരെ ലഭിച്ചിട്ടില്ലായെന്ന് ഡ്രൈവർ ശ്രീ. അമൽ നേരിൽ വിശദീകരിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ നിർദ്ദേശപ്രകാരം (രേഖ ഇല്ല ) നടത്തിയ യാത്രകൾ ആണ് ഇവയെന്നും അറിയിച്ചു. സൗജന്യമായോ, സൗജന്യ നിരക്കിലോ രോഗികളെ കൊണ്ടുപോകുന്നതിന് ആംബുലൻസ് കമ്മറ്റി തീരുമാനം കൈക്കോണ്ടിട്ടില്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ആംബുലൻസ് കമ്മിറ്റി ഇന്നേ തീയതി വരെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിച്ചിട്ടില്ല.

രസീതുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം. | തീയതി | തുക (രൂപ) | ഓടിയ ദൂരം (കി.മീ) | യാത്രയുടെ വിവരം (ലോഗ് ബുക്ക് പ്രകാരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | 23 | 29.03.2022 | 900/- | 91 | എൽ.എം.എസ്.<br>കൊല്ലം വർക്ക് ഷോപ്പ് |
| 2. | 511 | 25.08.2022 | 3,000/- | 158 | തിരുവനന്തപുരം -<br>ഇളവൂർകാവ് |
| 3. | 526 | 12.09.2022 | 3,000/- | 171 | തിരുവനന്തപുരം |
| 4. | 533 | 4.10.2022 | 5,928/- | 312 | എർണാകുളം ആശുപത്രി |
| 5. | 534 | 6.10.2022 | 1,000/- | 61 | ജില്ലാ ആശുപത്രി |
| 6. | 535 | 7.10.2022 | 1,000/- | 52 | മെഡിസിറ്റി ആശുപത്രി |
| 7. | 539 | 13.10.2022 | 1,100/- | 62 | ജില്ലാ ആശുപത്രി |

രസീത് എഴുതിയില്ല-

ആംബുലൻസ് രജിസ്റ്റർ പ്രകാരവും വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരവും 15.02.2022 –ന് കൈലത്ത്മുക്ക് എന്ന് സ്ഥലത്തേയ്ക്ക് വാഹനം ഓടിയതായും ഇതിന് 1,200/- രൂപ ലഭിക്കാൻ ഉണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തുക ഇന്നേ വരെ ഒടുക്കിയിട്ടില്ല.

3. പ്രോജക്ട് നം. 180/2022- ആംബുലൻസിന്റെ പരിപാലനം - ചെലവ് ക്രമപ്രകാരമല്ല

ചെക്ക് നം. ജെ.എൻ.5463748- 25.03.2022 ( ഗ്രാമപഞ്ചായത്ത് – തനത് ഫണ്ട് )

വൗച്ചർ നം. 7(1)22 - സ്പാർക്ക് ഡ്യൂട്ടി പെയ്ഡ് ഷോപ്പ് - 8,450/-രൂപ

വൗച്ചർ നം. 7(2)22- -ടി- 13,850/- രൂപ സ്റ്റെച്ചർ, ഹോൺ, സൈറൻ എന്നിവ വാങ്ങിയത്.

സ്പാർക്ക് ഡ്യൂട്ടി പെയ്ഡ് ഷോപ്പ് സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ രേഖപ്പെടുത്തിയ ക്യാഷ് ബില്ലിനെ അംഗീകരിച്ചാണ് പ്രൊപ്രൈറ്റർ ശ്രീ. കമാലുദ്ദീന് തുക അനുവദിച്ചത്. ജി.എസ്.ടി ബിൽ ഹാജരാക്കാതെ തുക നൽകിയത് ക്രമരഹിതമാണ്. ക്വട്ടേഷൻ മുഖേന വാങ്ങൽ നടത്താതിരുന്നത് സർക്കാർ ഉത്തരവിലെ (ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ. തീയതി/8.11.2010) നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ആംബുലൻസിന്റെ ഉപയോഗം, വരവ്/ചെലവ് രേഖകളുടെ സൂക്ഷിപ്പ്, ബാങ്ക് അക്കൗണ്ടിന്റെ പരിപാലനം, മേൽനോട്ടം എന്നിവ പി.എച്ച്.സി. ക്ലാർക്കിന്റെ ചുമതലയിൽ ആംബുലൻസ് കമ്മിറ്റി തീരുമാന പ്രകാരം നൽകിയെങ്കിലും, ഉദ്യോഗസ്ഥൻ ആയതിൽ വീഴ്ച്ച വരുത്തിയതായി കാണുന്നു. ആംബുലൻസ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാലാണ് മേൽ അപാകതകൾ സംഭവിച്ചിട്ടുള്ളത്. കൃത്യമായ മേൽനോട്ടം, ധനകാര്യ മാനേജ്മെന്റ് എന്നിവയുടെ അഭാവത്തിൽ ആംബുലൻസിന്റെ പരിപാലനം, ആശുപത്രി മാനേജ്മെന്റ് ഫണ്ട് / ഗ്രാമപഞ്ചായത്ത് ഫണ്ട് എന്നിവയ്ക്ക് ബാധ്യതയായി മാറാവുന്ന സാഹചര്യമാണുള്ളത്.

അപാകതകൾ പരിഹരിക്കുന്നതിന് മേൽ വിഷയം ചുമതലപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. വിഷയവുമായി ബന്ധപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് എൻക്വയറി നം – 28/19.11.2022

1-26 നിശ്ചിത തീയതിയ്ക്കകം പ്രവൃത്തി പൂർത്തിയാക്കിയില്ല - പിഴ ഈടാക്കിയതിൽ കുറവ്

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിലെ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് നൽകുവാൻ അനുവാദമുള്ളൂ.

പ്രോജക്ട് 106/22 - കളക്ടേഴ്സ് അറ്റ് സ്കൂൾ

ഫണ്ട് - തനത് ഫണ്ട് - 42,400/- രൂപ

ചെലവ് - 10,358/-രൂപ

പി.എ.സി. തുക – 42,400/-രൂപ

കരാറുകാരൻ – ശ്രീ. ജി. പി. രാജേന്ദ്ര ബാബു

എഗ്രിമെന്റ് നം. 24/ഇ.കെ.ജി.പി. / 22.02.2021

എം. ബുക്ക് നം. 1/21-22

ചെക്ക് നം. 065436/31.01.2022

കരാർ കാലാവധി - 2 മാസം
24.02.2021 –ന് സൈറ്റ് കൈപ്പറ്റിയ കരാറുകാരൻ 20.12.2021- നാണ് പ്രവൃത്തി ഭാഗികമായി പൂർത്തിയാക്കിയത്. അനുവദിച്ച സമയം 2 മാസമായതിനാൽ 24.02.2021 മുതൽ 20.12.2021 വരെയുള്ള കാലയളവിൽ Delay Charges ഈടാക്കേണ്ടതാണ്. അതിനാൽ വൈകിയ 241 ദിവസങ്ങൾക്ക് ഈടാക്കേണ്ട പിഴ തുക 1,460/- രൂപയാണ് ( 42,400 X .1% X 241 / 7). അന്തിമ ബില്ലിൽ നിന്നും 1% ഫൈൻ എന്ന് തിട്ടപ്പെടുത്തി 92/- രൂപയാണ് കരാറുകാരനിൽ നിന്നും ഈടാക്കിയത്.
ഈടാക്കാൻ അവശേഷിക്കുന്ന തുക – 1,368/- രൂപ
തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പിഴ തുക കുറവായി ഈടാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.
ഓഡിറ്റ് എൻക്വയറി നം – 23/18.11.2022

## 1-27 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ 2228 കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 1,50,807 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 803 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 4,76,06,847/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു.
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥർ / ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. ലൈഫ് ഭവനം, കിണർ, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്റ്റ് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ പരിമിതമാണ്.
6. കെ.ഐ.പി.കനാൽ പുനരുദ്ധാരണം-പ്ലാസ്റ്ററിംഗ് ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നാമമാത്രമായാണ് ചെയ്യുന്നത്.
7.മെറ്റീരിയൽ ബില്ലുകളിൽ സ്ഥാപനങ്ങളുടെ സീൽ പതിച്ചുവെന്ന് ഉറപ്പാക്കുന്നില്ല. ഇവയിൽ അനുവദനീയമായ തുക എഴുതി ബിൽ ക്യാൻസൽ ചെയ്യുന്നില്ല.
08. കോഴിക്കൂട് നിർമ്മാണം – വിജയമ്മ ലൈറ്റസ് - IF/534895 - നമ്പർ ഇല്ലാത്ത എം.ബുക്കിലാണ് അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. 14.12.2020- ന് ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയ അപേക്ഷയിൽ കോഴിക്കൂട് നിർമ്മിച്ചതായും, ഇതിനുള്ള ധനസഹായം അനുവദിക്കണമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി നടത്തിയത് 28.12.2020 മുതൽ 03.01.2021 വരെയാണ്. ഹാജരാക്കിയ ബില്ലുകൾ എല്ലാം 11/2020 ലെ ആണ്. ഫയലിൽ ഉൾപ്പെടുത്തിയ ഫോട്ടോകളിൽ കോഴിക്കൂടിന്റെ മേൽക്കൂര ആസ്ബസ്റ്റോസ് ഷീറ്റ് ആണ്. ഇത് അനുവദനീയമല്ല. ഈ പ്രവൃത്തിയിൽ കൃത്യമായ മേൽനോട്ടത്തിന്റെ അഭാവം വ്യക്തമാണ്.
9. ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾ വേതനം അനുവദിച്ചു. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-6 കാണുക.
10. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
11. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്റ്റ് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
12. സിറ്റിസൺസ് ഇൻഫോർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് വെണ്ടറെ തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.
അപാകതകൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾക്കായി മേൽ വിഷയം ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.
ഓഡിറ്റ് എൻക്വയറി നം – 31/05.12.2022

## 1-28 ഒരേ ദിവസം അവിദഗ്ധ - വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി

തൊഴിലാളികൾക്ക് വേതനം അനുവദിച്ചു

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കാലിതൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, സോക്ക് പിറ്റ് നിർമ്മാണം തുടങ്ങിയ അവിദഗ്ധ _ അർദ്ധവിദഗ്ധ, വിദഗ്ധ തൊഴിൽ ആവശ്യമുള്ള പദ്ധതികളിൽ ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം അനുവദിച്ചത്, മസ്റ്റർ റോൾ, പെയ്മെന്റ് എഫ്.ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒരേ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്കാണ് രണ്ട് വേതനവും കൈമാറിയിട്ടുള്ളത്. വിദഗ്ധ തൊഴിൽ വൈദഗ്ധ്യം ആവശ്യമുള്ള പ്രവർത്തികൾ അവിദഗ്ധ തൊഴിലാളികൾ അതേ ദിവസം തന്നെ ചെയ്തു എന്നത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ വിദഗ്ധ തൊഴിൽ വേതനമിനത്തിൽ, അവിദഗ്ധ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് എഫ്.ടി.ഒ. ചെയ്ത 58,406/- രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-4 കാണുക.

ഓഡിറ്റ് എൻക്വയറി നം – 31/05.12.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രിന്റിംഗ് ചെലവുകൾ - വാർഷിക ക്വട്ടേഷൻ നിരക്കിനേക്കാൾ അധികം തുക നൽകിയ തുക നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ പ്രിന്റിംഗ് ജോലികൾ കേരള ഓഫ്സെറ്റ് നൽകിയ കൊട്ടേഷൻ അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. (16.6.21 തീയതിയിലെ 12(1) നമ്പർ ഭരണസമിതി തീരുമാനം) ഈ സ്ഥാപനം നൽകിയ ക്വട്ടേഷൻ നിരക്കിൽ അധികമായി പ്രിന്റിംഗ് പ്രവൃത്തികൾക്ക് തുക നൽകിയതായി കാണുന്നു.

| ഇനം | ക്വട്ടേഷൻ പ്രകാരം നൽകേണ്ട തുക (രൂപ) | നൽകിയ തുക | അധികരിച്ച് നൽകിയ തുക | ചെക്ക് നം. |
|---|---|---|---|---|
| വ്യാപാര സ്ഥാപനങ്ങൾക്കും മറ്റുമുള്ള അപേക്ഷ ഫാറം -<br>ആകെ 4000 പേജ് – A4 Size (പാഡാക്കിയത്)<br>(പേജിന് 90 പൈസ നിരക്കിൽ) | 3600/- | 5400/- | 1800/- | 926302/ 25.2.22 |
| കരട് പദ്ധതി രേഖ - 2022-23, വികസന സെമിനാർ<br>50 ബുക്ക് A4 Size 13 Page (സാധാ പ്രിന്റിംഗ്- 12 പേജ്,<br>പേജിന് .85 പൈസ നിരക്കിൽ,<br>കളർ പ്രിന്റിംഗ് - 1 പേജ്, പേജിന് 9 രൂപ നിരക്കിൽ ) | 960/- | 2500/- | 1540/- | 926320/ 15.3.22 |
| 6000 – ഗ്രാമസഭ നോട്ടീസ് (1/8size)<br>(40 പൈസ നിരക്കിൽ 1 പേജ്) | 2400/- | 6000/- | 3600/- | 926320/ 15.3.22 |
| | | ആകെ- | 6940/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധിക തുക അനുവദിച്ചത് ക്ലറിക്കൽ പിശക് മൂലമാണെന്നും, അധികരിച്ച തുക പ്രിന്റിംഗ് പ്രസ്സ് ഉടമയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്താമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. മതിയായ പരിശോധന കൂടാതെ ക്വട്ടേഷൻ നിരക്കിനേക്കാൾ അധികമായി നൽകിയ 6,940/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം – 8/16.11.22

നിരാകരണം - 6,940/- രൂപ

## 3-2 ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കരാർ നിരക്കിനെ അധികരിച്ച് നല്കി.

പ്രോജക്ട് നം - SO052/22

അടങ്കൽ തുക - 1,00,000/- രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ് തുക – 38,948/- രൂപ

നിർവ്വഹണം – അസി. സെക്രട്ടറി

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, കിഴക്ക കല്ലട താഴം വാർഡിൽ സുകുമാരി മന്ദിരത്തിൽ ശ്രീ. സുഗുണനും, ശ്രീ. സുനിൽകുമാറും ചേർന്ന് എഴുതി തയ്യാറാക്കിയ 23687/25.2.21-നമ്പർ വാടക കരാർ പ്രകാരം കുടുംബശ്രീ മുഖേന നടത്തുന്ന ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന EKP/1/497-നമ്പർ കെട്ടിടത്തിന്റെ വാടക 2.4.21 തീയതി മുതൽ 11 മാസത്തേക്ക് പ്രതിമാസം 2,513/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കരാർ 23.4.21 തീയതിയിലെ 1(2) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ടി കരാറിന് വിരുദ്ധമായി 9/21 കാലയളവ് മുതൽ 3,769/- രൂപ നിരക്കിലാണ് വാടക നൽകിയിരിക്കുന്നത്. വാടക അധികം നൽകിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കാലയളവ് | നൽകിയ തുക (രൂപ) | കരാർ പ്രകാരം നൽകേണ്ട തുക (രൂപ) | അധികം നൽകിയ തുക (രൂപ) | ബിൽ നം. |
|---|---|---|---|---|
| 9/21 | 3,769/- | 2,513/- | 1,256/- | 4/10.11.21 |
| 10/21 | 3,769/- | 2,513/- | 1,256/- | 6/10.11.21 |
| 11,12/21 | 7,538/- | 5,026/- | 2,512/- | 10/7.1.22 |
| 1,2/22 | 7,538/- | 5,026/- | 2,512/- | 14/5.3.22 |
| 3/22 | 3,769/- | 2,513/- | 1,256/- | 16/30.3.22 |
| | | ആകെ- | 8,792/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിൽ 13.8.21- ലെ 1567/21/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജനകീയ ഹോട്ടലുകൾക്ക് പി.ഡബ്ല്യൂ.ഡി നിരക്കിനേക്കാൾ 50% അധികം വരെ വാടക അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെ 17.9.21 തീയതിയിലെ 9(1) നമ്പർ തീരുമാനപ്രകാരമാണ് പുതുക്കിയ നിരക്കിൽ വാടക നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കെട്ടിടയുടമയും ഗ്രാമപഞ്ചായത്തും തമ്മിലുള്ള വാടക കരാറിന്റെ അടിസ്ഥനത്തിൽ ടി മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ വാടകയിനത്തിൽ അധികം നൽകിയ 8,792/-രൂപ ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം - 19/17.11.22

നിരാകരണം - 8,792/- രൂപ

## 3-3 ബയോബിൻ വിതരണം - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അധികമായി ചെലവ് ചെയ്ത് പദ്ധതി നിർവഹിച്ചു.

| | |
|---|---|
| പ്രോജക്ട് നം | 100/22 |
| പ്രോജക്ടിന്റെ പേര് | മാലിന്യരഹിതപഞ്ചായത്ത് |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12,15,000/- രൂപ |
| ഗുണഭോക്തൃ വിഹിതം | 1,35,000/- രൂപ |
| അടങ്കൽ | 13,50,000/- രൂപ |

| ചെലവ് | | |
|---|---|---|
| ബിൽ നം / ചെക്ക് നം | തുക (രൂപ) | ഫണ്ടിനം |
| 14/21-22 / 30.10.21 | 1,09,800/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 43/21-22 / 25/1/22 | 3,84,300/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 68/21-22 / 27/3/22 | 4,41,000/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | |
|---|---|---|
| 926264 / 24/1/22 | 54,900/- | ഗുണഭോക്തൃ വിഹിതം |

വി.ഇ.ഒ നിർവഹണം നടത്തിയ മാലിന്യരഹിത പഞ്ചായത്ത് പദ്ധതിയ്ക്കായി 750 ബയോബിന്നുകൾ 1,800/- രൂപ നിരക്കിൽ സോഷ്യോ എക്കണോമിക് ഫൗണ്ടേഷനിൽ നിന്ന് വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 12,15,000/- രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 1,35,000/- രൂപയുമുൾപ്പെടെ ആകെ 13,50,000/- രൂപ വകയിരുത്തിയിരുന്നു. സോഷ്യോ എക്കണോമിക് ഫൗണ്ടേഷനുമായി 2/2/21-ൽ കരാർ വച്ചശേഷം 5/10/21-ൽ 305 ബിന്നുകളുടെ വിലയുടെ 20% തുകയായ 1,09,800/- രൂപ മുൻകൂറായി നൽകുകയും ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ (3,84,300 + 54,900) 4,39,200/- രൂപ നൽകി ബിന്നുകൾ ലഭ്യമാക്കി വിതരണം ചെയ്തു. തുടർന്ന് 245 ബിന്നുകളുടെ വിലയായ 4,41,000/- രൂപ 25/3/22-ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് പൂർണ്ണമായും ഒടുക്കി ലഭ്യമാക്കി. 245 ബിന്നുകൾക്ക് ഗുണഭോക്തൃ വിഹിതമായി 180 X 245 = 44,100/- രൂപ പിരിച്ചെടുക്കാതെ പൂർണ്ണമായും ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ചാണ് വാങ്ങിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് പദ്ധതി നിർദ്ദേശം പാലിയ്ക്കാതെ അധികമായി 44,100/- രൂപ ചെലവഴിച്ചതിനാൽ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യിൽ നിന്ന് ഈടാക്കേണ്ടതാണ്. 245 ബിന്നുകളിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള 6 എണ്ണത്തിന്റെ ഗുണഭോക്തൃ വിഹിതമായ 1080/- രൂപ (180 X 6) കുറവ് ചെയ്ത്, 9,720/- രൂപ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാത്തതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് അധികമായി ചെലവ് ചെയ്ത 44,100/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 20 / 17/11/22

തടസ്സപ്പെടുത്തുന്ന തുക - 9,720/- രൂപ

നിരാകരിച്ച തുക – 44,100/- രൂപ

## 3-4 ഒരേ ദിവസം അവിദഗ്ധ - വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കാലിതൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, സോക്ക് പിറ്റ് നിർമ്മാണം തുടങ്ങിയ അവിദഗ്ധ _ അർദ്ധവിദഗ്ധ, വിദഗ്ധ തൊഴിൽ ആവശ്യമുള്ള പദ്ധതികളിൽ ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി, വേതനം അനുവദിച്ചത്, മസ്റ്റർ റോൾ, പെയ്മെന്റ് എഫ് .ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒരേ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്കാണ് രണ്ട് വേതനവും കൈമാറിയിട്ടുള്ളത്. വിദഗ്ധ തൊഴിൽ വൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തികൾ അവിദഗ്ധ തൊഴിലാളികൾ അതേ ദിവസം തന്നെ ചെയ്തു എന്നത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ വിദഗ്ധ തൊഴിൽ വേതനമിനത്തിൽ, അവിദഗ്ധ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് എഫ്.ടി.ഒ. ചെയ്ത 58,406/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | വർക്ക് കോഡ് | മസ്റ്റർ റോൾ ആരംഭിച്ച തീയതി | മസ്റ്റർ റോൾ അവസാനിച്ച തീയതി | M B നമ്പർ | മസ്റ്റർ റോൾ നമ്പർ | SK/SSK/USK (സ്കിൽഡ്/സെമി സ്കിൽഡ്/അൺസ്കിൽഡ്) | തുക | എഫ്. റ്റി ഒ നമ്പർ/തീയതി | അനർഹമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | സോക്ക് പിറ്റ് നിർമ്മാണം | ശ്രീമതി സുശീല | 2 | IF/635165 | 26.10.21 | 28.10.21 | 81/21-22 | 7833 | USK | 903 | 744259/ 01/11/2021 | - |
| | | | | | 27.10.21 | 27.10.21 | | 7834 | SK | 540 | 1047238/ 21/12/2021 | 540 |
| | | രവീന്ദ്രൻ പിള്ള | | | 27.10.21 | 28.10.21 | | 7833 | USK | 602 | 744259/ 01/11/2021 | - |
| | | | | | 27.10.21 | 28.10.2021 | | 7834 | SK | 696 | 1047238 | 696 |
| 2 | കോഴിക്കൂട് നിർമ്മാണം- | ശ്രീമതി രാജമ്മ | 5 | IF/6738169 | 11.12.2021 | 17.12.2021 | 122/21-22 | 11772 | USK | 1806 | 1048249/ 21.12.2021 | - |
| | | | | | 18.12.2021 | 24.12.21 | | 11773 | | 1806 | | - |
| | | | | | 25.12.2021 | 25.12.2021 | | 11774 | | 301 | 1073172/ 24.12.2021 | - |
| | | | | | 14.12.2021 | 15.12.2021 | | 11775 | SK | 1500 | 1591253/ | 1500 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | 20.12.2021 | 22.12.2021 | | 11776 | | 2250 | 21.3.2022 | 2250 |
| | | | | | 25.12.2021 | 25.12.2021 | | 11777 | | | | 750 |
| 3 | സോക്ക് പിറ്റ്-നിർമ്മാണം | സാഫി | 12 | IF/611760 | 14.09.2021 | 18.09.2021 | 154/21-22 | 4427 | Usk | 1204 | 504865/ 22.09.2021 | - |
| | | | | | 14.09.2021 | 15.09.2021 | | 4425 | SK | 690 | 1056787/ 22.12.2021 | 690 |
| 4 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | ശ്രീമതി-ജയശ്രീ പിള്ള | 2 | IF/579793 | 14.02.2022 | 21.02.2022 | 180/21-22 | 18339 | Usk | 2107 | 1435266/ 25.02.2022 | - |
| | | | | | 16.02.22 | 19.02.2022 | | 18335 | SK | 3200 | 16558/ 15.06.22 | 3200 |
| 5 | കാലിതൊഴുത്ത് നിർമ്മാണം | മോളമ്മ | 6 | IF/585829 | 11.10.2021 | 17.10.2021 | 4/21-22 | 6553 | Usk | 1806 | 499715/ 26.08.2021 | - |
| | | | | | 18.10.2021 | 20.10.2021 | | 65554 | | 602 | 692334/ 22.10.21 | - |
| | | | | | 11.10.2021 | 17.10.2021 | | 6558 | SSK | 6370 | 756289/ 03.11.2021 | 5460 |
| | | | | | 18.10.2021 | 20.10.2021 | | 6559 | | 2730 | | 1820 |
| 6 | കോഴിക്കൂട് നിർമ്മാണം | ബിന്ദു ജി. നിമിഷ ആർ. ബിന്ദു ജി. നിമിഷ ആർ. | 9 | IF/651679 | 03.12.2021 | 9.12.2021 | 118 | 11567 | Usk | 1806 | 1019076/ 16.12.21 | - |
| | | | | | 03.12.2021 | 09.12.2021 | | 11567 | | 1806 | -ടി- | - |
| | | | | | 03.12.2021 | 09.12.2021 | | 11568 | Ssk | 3950 | | 3950 |
| | | | | | 03.12.2021 | 09.12.2021 | | 11568 | Ssk | 3950 | | 3950 |
| 7 | കോഴിക്കൂട് നിർമ്മാണം | വിജയമ്മ ലൈറ്റസ് | 13 | IF/534895 | 26/04/2021 | 02.05.201 | എം. ബുക്ക് നം. രേഖപ്പെടുത്തിയിട്ടില്ല | 41 | Usk | 2107 | 72647/ 07.05.2021 | - |
| | | | | | 26/04/2021 | 02.05.201 | | 43 | Ssk | 2800 | 117716/ 14.06.2021 | 2800 |
| 8 | കാലി തൊഴുത്ത് -നിർമ്മാണം | രാധിക | 15 | IF/600234 | 11.10.21 | 17.10.21 | 30 | 6703 | Usk | 1806 | 1443683/ 26.02.2022 | - |
| | | | | | 18.10.2021 | 24.10.21 | | 6703 | Usk | 1806 | 687275/ 22.10.21 | - |
| | | | | | 11.10.21 | 17.10.21 | | 6704 | Ssk | 4800 | 161196/ 15.07.2022 | 4800 |
| | | | | | 18.10.2021 | 24.10.2021 | | 6705 | Ssk | 4800 | | 4800 |
| 9 | കിണർ -നിർമ്മാണം | സത്യൻ | 15 | IF/601275 | 14.02.2022 | 15.02.2022 | 91 | 18255 | Usk | 602 | 1401180/ 19.02.2022 | - |
| | | | | | 14.02.2022 | 15.02.2022 | | | Sk | 1740 | 16472/ 28.05.22 | 1740 |
| 10 | കിണർ -നിർമ്മാണം | ശാന്തമ്മ | 2 | IF/601794 | 11/10/2021 | 14/10/2021 | 74 | 6587 | Usk | 1204 | 664876/ 18.10.2021 | - |
| | | | | | 11/10/2021 | 14/10/2021 | | 6588 | Sk | 2430 | 756622/ 3.11.2021 | 2430 |
| 11 | ആട്ടിൻകൂട് -നിർമ്മാണം | അമ്പിളി | 15 | IF/594279 | 30.09.2021 | 6.10.2021 | 43 | 5755 | Usk | 1505 | 598525/ 07.10.2021 | - |
| | | സുഗുണൻ | | | 30.09.2021 | 6.10.2021 | | | Usk | 1806 | | - |
| | | അമ്പിളി | | | 30.09.2021 | 6.10.2021 | | 5756 | Sk | 3000 | 16599/ 2.04.2022 | 3000 |
| | | സുഗുണൻ | | | 30.09.2021 | 4.10.2021 | | | Sk | 3550 | | 3550 |
| 12 | കമ്പോസ്റ്റ് പിറ്റ്-നിർമ്മാണം | രമാബായി കെ. | 4 | IF/579785 | 06.08.2021 | 12.08.21 | 27 | 2152 | Usk | 1806 | 336776/ 13.08.2021 | - |
| | | | | | 07.08.2021 | 11.08.21 | | 2154 | Ssk | 3800 | 762725/ 25.11.2021 | 3800 |
| 13 | സോക്ക് പിറ്റ്-നിർമ്മാണം | മറിയാമ്മ | 5 | IF/735380 | 25.02.2022 | 28.02.2022 | 192 | 19592 | Usk | | 1497159/ 07.03.2022 | - |
| | | | | | 11.03.2022 | 13.03.2022 | | 21073 | Usk | 903 | 1579212/ 19.08.2022 | - |
| | | | | | 26.02.22 | 28.02.22 | | 19593 | Ssk | 480 | 161599/ 12.07.2022 | 480 |
| | | | | | 12.03.2022 | 13.03.2022 | | 21074 | Ssk | 680 | 161603/ 02.07.2022 | 680 |
| 14 | ആട്ടിൻ കൂട് നിർമ്മാണം | ശ്രീദേവി | 4 | IF/658954 | 04.12.2021 | 10.12.2021 | 120 | 11565 | Usk | 1806 | 1019329/ 06.12.2021 | - |
| | | | | | 27.12.2021 | 02.01.2022 | | 13726 | Usk | 1806 | 1154550/ 07.01.2022 | - |
| | | അമ്മുകട്ടിയമ്മ | | | 27.12.2021 | 02.01.2022 | | 13726 | Usk | 1806 | 1154550/ 07.01.2022 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ശ്രീദേവി | | | 03.01.2022 | 04.01.2022 | | 13727 | Usk | 602 | 1154557/ 07.01.2022 | - |
| | | അമ്മുകുട്ടിയമ്മ | | | 03.01.2022 | 04.01.2022 | | 13727 | Usk | 602 | 1154557/ 07.01.2022 | - |
| | | ശ്രീദേവി | | | 06.012.21 | 07.12.2021 | | 11566 | Ssk | 1380 | 161559/ 2.07.2022 | 1380 |
| | | | | | 28.12.2021 | 29.12.2021 | | 13728 | Ssk | 1380 | 161559/ 2.07.2022 | 1380 |
| | | അമ്മുകുട്ടിയമ്മ | | | 28.12.2021 | 29.12.2021 | | 13728 | Ssk | 1380 | 161559/ 2.07.2022 | 1380 |
| | | ശ്രീദേവി | | | 04.01.2022 | 04.01.2022 | | 13729 | Ssk | 690 | 161559/ 2.07.2022 | 690 |
| | | അമ്മുകുട്ടിയമ്മ | | | 04.01.2022 | 04.01.2022 | | 13729 | Ssk | 690 | 161559/ 2.07.2022 | 690 |
| | | | | | | | | | | | ആകെ തുക | 58,406/- രൂപ |

അവിദഗ്ധ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് വിദഗ്ധ/ അർദ്ധ വിദഗ്ധ വേതനമിനത്തിൽ എഫ്.ടി.ഒ. ചെയ്ത 58,406 /- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. ലിജു തോമസ്, അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് എൻക്വയറി നം – 32/05.12.2022

നിരാകരിച്ച തുക – 58,406/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 12.12.22 മുതൽ 14.12.22 വരെ | കെ.എസ്.എ.കെ.എൽ.എം.പി.4/2293/22 13.03.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 4,00,000 | അംഗനവാടി നിർമ്മാണം, ഉപ്പൂട് | 4,00,000 | 0 |
| " | " | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| " | " | 1,24,537 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,24,537 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | " | 1,00,000 | അനുപൂരക പോഷകാഹാരം | 1,00,000 | 0 |
| | " | 2,00,532 | സമഗ്ര നെൽകൃഷി വികസനം | 2,00,532 | 0 |
| " | " | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| " | " | 8,38,223 | ലൈഫ് ഭവന നിർമ്മാണം ( ജനറൽ) | 8,38,223 | 0 |
| " | " | 49,999 | പാലിയേറ്റീവ് കെയർ | 49,999 | 0 |
| " | " | 1,30,600 | സുഭിക്ഷ കേരളം- വീട്ട് വളപ്പിൽ കുളത്തിൽ മത്സ്യകൃഷി | 1,30,600 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതപോസ്റ്റ് മാറ്റി സ്ഥാപിക്കൽ (146/22) | XVFC/21-22/ P6, 13.01.22 | 54,041 | 0 | 54,041 |
| | | XVFC/21-22/ P11, 05.03.22 | 60,414 | 0 | 60,414 |
| | | XVFC/21-22/ P12, 08.03.22 | 35,361 | 0 | 35,361 |
| | | XVFC/21-22/ P13, 16.03.22 | 77,961 | 0 | 77,961 |
| | സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ (86/22) | XVFC/21-22/ P15, 26.03.22 | 4,69,758 | 0 | 4,69,758 |
| | കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ അംഗനവാടികളുടെ വൈദ്യുതീകരണം (ഉപ്പൂട്, പഴയാർ )(139/22) | 11/06.10.2021 | 1,26,000 | 0 | 1,26,000 |
| | അംഗനവാടി നം 57 വൈദ്യുതീകരണം(147/22) | 4749954/ 22.07.21 | 43,930 | 0 | 43,930 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 28,68,000/- രൂപ വരവുണ്ട്. മുൻബാക്കി 42,17,280/- രൂപയടക്കം 70,85,280/- രൂപയിൽ 67,25,625/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 28,68,000 | 2,20,31,280 | 27,28,000 | - | 2,21,71,280 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | തുക,രസീത് നമ്പർ,തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2019-20 | 1(13) | 6336 | സിബൽ, സ്വീപ്പർ | 121010101735/17.12.2021 |
| 2020-21 | 10 | 419 | ദയാനന്തൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | 121010101826/ 22.12.2022 |
| 2001-02 | 3(5) | 1426 | വിജയൻ, പ്രസിഡന്റ് | 121010101877/ 24.12.22 |
| 2000-01 | 11 | 1110 | ഗോപു കൃഷ്ണൻ, വൈസ് പ്രസിഡന്റ് | 121010102027/ 01.01.22 |
| 1998-99 | 38 | 240 | വേലായുധൻ, സ്റ്റാഫ് | 121010102454/ 31.01.22 |
| 1998-99 | 46 | 681 | അസി. എഞ്ചിനീയർ | 121010102455/ 31.01.22 |
| 1999-2000 | 38 | 398 | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | 121010102456/ 31.01.22 |
| 1999-00 | 39 | 200 | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | 121010102457/31.01.22 |
| 1999-00 | 39 | 500 | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | 121010102458/ 31.01.22 |
| 2000-01 | 13 | 390 | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | 121010102459/ 31.1.22 |
| 2006-07 | 2(3) | 133 | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | 121010102461/ 31.01.22 |
| 2006-07 | 3(1) | 240 | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | 121010102462/ 31.01.22 |
| 2006-07 | 3(3) | 90 | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | 121010102463/ 31.01.22 |
| 2000-01 | 27 | 800 | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് | 121010102460/ 31.03.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11, 2011-12 | 3.11 | 2014-15 | 4-1-10 | വൃദ്ധസദനത്തിന് റിവോൾവിംഗ് ചെയർ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2012-13 | 1.4 | 2014-15 | 4-1-06 | കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2012-13 | 1.5 | 2014-15 | | മിനി സ്റ്റേഡിയം നിർമ്മാണം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2016-2017 | 2-1, 2-2 | 2016-2017 | 2-1, 2-2 | തൊഴിൽ നികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2019-20 | 1-7-1, 1-7-2, 1-7-3 | | | | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6,940/- | ശ്രീമതി. സുചിത്ര ദേവി. എം, സെക്രട്ടറി |
| 3-2 | | 8,792/- | ശ്രീമതി. ജയലക്ഷ്മി, അസി. സെക്രട്ടറി |
| 3-3 | | 44,100/- | ശ്രീ. അജയ് വർഗ്ഗീസ്, വി.ഇ.ഒ. |
| 3-4 | | 58,406/- | ശ്രീ. ലിജു തോമസ്, അക്രഡിറ്റഡ് എൻജിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 4,92,450/- | ശ്രീമതി ബിന്ദു ജേക്കബ്, ഹെഡ്മിസ്ട്രസ്സ് |
| 1-17 | 7,68,108/- | ശ്രീമതി. സുചിത്ര ദേവി. എം, സെക്രട്ടറി |
| 1-18 | 2,25,000/- | ഡോ. പ്രഭ കെ. നമ്പൂതിരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-19 | 1,23,437/- | ഡോ. പ്രമോദ് കുമാർ, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-20 | 9,720/- | ശ്രീ. അജയ് വർഗ്ഗീസ്, വി.ഇ.ഒ. |
| 1-21 | 5,25,000/- | ഡോ. ബിന്ദു എസ്, വെറ്റിനറി സർജൻ |
| 1-23 | 1,30,526/- | ഡോ. പ്രഭ കെ. നമ്പൂതിരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അജയ് വർഗ്ഗീസ് | വി.ഇ.ഒ. സീതത്തോട് | പുത്തൻതറ വടക്കതിൽ, വില്ലിമംഗലം, മൺട്രോത്തുരുത്ത്, കൊല്ലം |
| ഡോ. പ്രമോദ് കുമാർ | മെഡിക്കൽ ഓഫീസർ ആയുർവേദം | നജ നിവാസ്, കൊട്ടിയം പി.ഒ. കൊല്ലം |
| ശ്രീമതി സുചിത്ര ദേവി. എം | സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | ശ്രീമംഗലത്ത്, വിളന്തറ പി.ഒ. വലിയപാടം, വെസ്റ്റ് കല്ലട. |
| ഡോ. ബിന്ദു എസ്. | സീനിയർ വെറ്റിനറി സർജൻ, വെറ്റിനറി ഹോസ്പിറ്റൽ കൊട്ടാരക്കര | ബിന്ദു ഭവൻ, മനക്കര, ശാസ്താംകോട്ട പി.ഒ. |
| ശ്രീമതി ജയലക്ഷ്മി, സെക്രട്ടറി ഇൻ ചാർജ്ജ് | അസിസ്റ്റന്റ് സെക്രട്ടറി കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | ലക്ഷ്മി നന്ദനം, അമ്പലത്തുംഭാഗം പി.ഒ, |

| | | |
|---|---|---|
| | | പോരുവഴി |
| ഡോ. പ്രഭ കെ. നമ്പൂതിരി | മെഡിക്കൽഓഫീസർ,<br>കുളക്കട സി.എച്ച്.സി കൊല്ലം | വൈകുണ്ഠം,<br>ഗണപതിക്ഷേത്രത്തിനു<br>സമീപം<br>കൊട്ടാരക്കര |
| ശ്രീമതി ബിന്ദു ജേക്കബ് | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്സ്.,<br>കിഴക്കേകല്ലട | പൊയ്കയിൽ പൂമുഖത്ത്,<br>മുളവന പി.ഒ.<br>കുണ്ടറ, കൊല്ലം |
| ശ്രീ. ലിജു തോമസ്, അക്രഡിറ്റഡ്<br>എൻജിനീയർ ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ്. | എൻജിനീയർ ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ്.<br>സെൽ,<br>ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | കുറ്റിയിൽ<br>ആല്യംമൂട് പി.ഒ.<br>കുരീപ്പള്ളി, കൊല്ലം |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 97-98 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(1)/18 /28.2.18 | 3 |
| 98-99 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(2)/18 /28.2.18 | 3 |
| 99-2000 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(3)/18 /28.2.18 | 3 |
| 2000-01 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(4)/18 /28.2.18 | 17 |
| 2001-02 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(5)/18 /28.2.18 | 8 |
| 2002-03 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(6)/18 /28.2.18 | 3 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(7)/18 /28.2.18 | 5 |
| 2004-05 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(8)/18 /28.2.18 | 12 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(9)/18 /28.2.18 | 15 |
| 2006-07 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(1)/19 /07.06.19 | 17 |
| 2007-08 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(2)/19 /07.06.19 | 13 |
| 2008-09 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(3)/19 /07.06.19 | 9 |
| 2009-10 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(4)/19 /07.06.19 | 9 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.എൽ.എം./പി.4/അദാലത്ത്/2010-11,11-12/170/22, 20.08.22 | 7 |
| 2012-13 | കെ.എസ്.എ.-കെ.എൽ.എം./പി 4/അദാലത്ത്/2012-13/1249/22, 20.08.22 | 11 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.എൽ.എം./പി 4/അദാലത്ത്/2013-14,2014-15/1249/22, 20.08.22 | 18 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി 4/അദാലത്ത്/2015-16/1249/22, 20.08.22 | 10 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി 4/1446/17 /23.03.18 | 8 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം./പി 4/247/19 | 5 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം./പി 4/247/19 | 8 |
| 2019-20 | കെ.എസ്.എ.-കെ.എൽ.എം./പി 4/561/2021, 29.03.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.-കെ.എൽ.എം./പി 4/1555/2021, 15.07.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2021-2022 -ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്